നം.സി2-10795/2020

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.
തീയതി : 19/05/2020.

ചീഫ് എഞ്ചിനീയർ

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും

സർ,

വിഷയം - ജലസേചനം - ജീവനക്കാര്യം - ജലസേചന വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളിൽ 25% സൂപ്പർ ന്യൂമററി ആക്കണമെന്ന നിർദ്ദേശം - അധിക തസ്തികകൾ കണ്ടെത്തുന്നതിനുള്ള കമ്മിറ്റി-ഉപസമിതിയെ നിയമിക്കുന്നതിനുള്ള തീരുമാനം - സംബന്ധിച്ച്.

സൂചന - 1) 14/02/2020-ലെ ജി.ഒ(ആർ.റ്റി)140/2020/ഡബ്ല്യു.ആർ.ഡി.
2) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 06/05/2020-ലെ നടപടിക്രമം.

സൂചന (1) ലെ തീരുമാന പ്രകാരം ജലസേചന വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ 25% സൂപ്പർ ന്യൂമററിയായി പ്രഖ്യാപിക്കുന്നതിനായി ടി തസ്തികകളിലെ അധിക/അപ്രസക്ത തസ്തികകൾ കണ്ടെത്തുന്നതിനായി സൂചന (2) പ്രകാരം ഒരു വകുപ്പുതല സമിതിയെ നിയോഗിച്ചിരിക്കുന്നു.

വകുപ്പുതല സമിതി 14/05/2020-ൽ ചേർന്ന ആദ്യ യോഗത്തിൽ വകുപ്പിലെ വിവിധ കാര്യാലയങ്ങളിലെ മേൽപ്പറഞ്ഞ വിഭാഗത്തിലെ അധിക/അപ്രസക്ത തസ്തികകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ അദ്ധ്യക്ഷനായി, പി.എ (എക്സിക്യൂട്ടീവ് എഞ്ചിനീയർ), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ സുപ്രണ്ട്, ഫിനാൻഷ്യൽ അസിസ്റ്റന്റ് എന്നിവർ അംഗങ്ങളായി ഒരു സർക്കിൾ തല സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു. ഭാവിയിൽ വകുപ്പിന്റെ പ്രവർത്തനത്തിന് തടസ്സം നേരിടാത്ത തരത്തിൽ എങ്ങിനെ സർക്കാർ നിർദ്ദേശം നടപ്പിലാക്കാം എന്നതിന് പ്രധാന്യം നൽകി വേണം ഉപ സമിതി പഠനം നടത്തേണ്ടതെന്നു പ്രത്യേകം നിർദ്ദേശിക്കുന്നു.

2020 ജൂൺ 15 നകം ഇത് സംബന്ധിച്ച് ഉപസമിതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Sebi

വകുപ്പുതല സമിതി അദ്ധ്യക്ഷൻ
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഭരണം)

ആർ.എം.